# മലർവാടി

കുട്ടികളുടെ ദ്വൈവാരിക

1 ഏപ്രിൽ 2019, പുസ്തകം 39, ലക്കം 11


## ഒഴിവുകാലം

മധ്യവേനൽ അവധിക്കാലം വിദ്യാർത്ഥികൾക്ക്; സ്കൂൾ വിദ്യാർത്ഥികൾക്ക് വിശേഷിച്ചും, സ്വാതന്ത്ര്യത്തിന്റെ വസന്തമാണ്. പുസ്തകഭാണ്ഡം ചുമക്കേണ്ട, സ്കൂളിൽ പേകേണ്ട. അധ്യാപകരുടെ ക്ലാസുകൾ മുഷിഞ്ഞിരുന്ന് കേൾക്കേണ്ട. ഗൃഹപാഠങ്ങൾക്കും വിട. ഇഷ്ടം പോലെ കളിക്കാം. കുളിക്കാം. ബന്ധു മിത്രാദികളെ സന്ദർശിക്കാം. വിനോദയാത്രകൾ നടത്താം. ഹായ്, എന്തുരസം!!

ഈ സ്വാതന്ത്ര്യവും അതിന്റെ രസവും എല്ലാ കൂട്ടുകാരും അനുഭവിക്കുന്നുണ്ടോ? ചില കുട്ടികൾ ഒഴിവുകാലത്ത്, ക്ലാസിൽ മോശമായ വിഷയങ്ങൾക്ക്

▸▸▸


Editor **T.K. Ubaid** Executive Editor **P.A. Nazimudeen** • Sub Editor **Mehd Maqbool**
Layout & Graphics **Alikoya** • Technical Support **Fahis Ali**
Cover **Sakul** • e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555 • Manager Tele 0495 2730073 • e-mail managerprabodhanamclt@gmail.com



ട്യൂഷനു പോകേണ്ടിവരും. ചിലർക്ക് ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള പരിശീലന ക്ലാസുകളിൽ ചേരേണ്ടി വരും. മിതമായ തോതിൽ അതൊക്കെ നല്ലതാണ്. എന്നാൽ ചില കുട്ടികളെ അവരുടെ രക്ഷിതാക്കൾ മൂന്നും നാലും ട്യൂഷനുകൾക്കയച്ച് സദാ പഠനത്തിലേർപ്പെടുത്തി പീഡിപ്പിക്കുന്നുണ്ട്.

മക്കളോടുള്ള സ്നേഹവും അവരുടെ ശോഭനമായ ഭാവിയിലുള്ള താത്പര്യവും തന്നെയാണ് അവരെ അതിന് പ്രേരിപ്പിക്കുന്നത്. ശരീരവളർച്ചക്ക് പോഷകാഹാരം കൊടുത്തുകൊണ്ടിരിക്കണം. എന്നു വെച്ച് കുട്ടിയുടെ താൽപര്യവും ദഹനശേഷിയും പരിഗണിക്കാതെ വിശിഷ്ട ഭോജ്യങ്ങൾ മേൽക്കുമേൽ കുത്തിച്ചെലുത്തിക്കൊണ്ടിരുന്നാൽ രോഗമായിരിക്കും ഫലം.

കൂട്ടുകാർ ഗൗരവപൂർവം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. സ്വാതന്ത്ര്യമെന്നാൽ അതിരും എതിരുമില്ലാതെ എന്തും ചെയ്യാനുള്ള അനുവാദമല്ല. സ്വാതന്ത്ര്യത്തിന് അതിരുകളും ഉത്തരവാദിത്വങ്ങളുമുണ്ട്. തെരഞ്ഞെടുക്കാനും തീരുമാനിക്കാനുമുള്ള സ്വാതന്ത്ര്യം. സ്വാതന്ത്ര്യം നമ്മിൽ ചുമത്തുന്ന ഭാരിച്ച ഉത്തരവാദിത്വമാണത്. നല്ലതു മാത്രം തെരഞ്ഞെടുക്കുക, നല്ല രീതിയിൽ തീരുമാനമെടുക്കുക എന്നതാണ് ഉത്തരവാദിത്വം.

അതിരുകളും ഉത്തരവാദിത്വവുമില്ലാത്ത സ്വാതന്ത്ര്യം ഉള്ളുപൊള്ളയായ സ്വാതന്ത്ര്യമാകുന്നു. സത്യത്തിൽ പാരതന്ത്ര്യം തന്നെയാണത്. ഉത്തരവാദിത്വമില്ലാത്ത സ്വതന്ത്രൻ അജ്ഞതയുടെയും അവിവേകത്തിന്റെയും തടവറയിലാകുന്നു.

സ്കൂൾ ദിവസങ്ങളിൽ നാം അധ്യാപകരുടെയും സ്കൂൾ നിയമങ്ങളുടെയും പാഠപുസ്തകങ്ങളുടെയുമൊക്കെ നിയന്ത്രണത്തിലാണ്. ഒഴിവുകാലമാകുമ്പോൾ നമ്മുടെ അധ്യാപകർ നാം തന്നെയാകുന്നു. നാം തെരഞ്ഞെടുക്കുന്നതാണ് നമ്മുടെ പാഠപുസ്തകങ്ങൾ. നമ്മുടെ വീടും പരിസരവുമാണ് ക്ലാസും സ്കൂളും. എന്തു പഠിക്കണമെന്നും എങ്ങനെ പഠിക്കണമെന്നും, എപ്പോൾ എന്തെല്ലാം കളികൾ കളിക്കണമെന്നും തീരുമാനിക്കുന്നതും നാം തന്നെ. ഇതൊക്കെ ഭാരിച്ച ഉത്തരവാദിത്വങ്ങളാണ്.

സ്കൂൾ നാളുകളിൽ പഠനവും കളിയും വെവ്വേറെയായിരുന്നു. ഒഴിവുകാലത്ത് കളിയിലാണ് പഠനം. പഠനം കളിയിലുമാണ്. ഒഴിവു കാലത്ത് ഒന്നും പഠിക്കാനില്ലെന്നോ പഠിക്കേണ്ടതില്ലെന്നോ വിചാരിക്കുന്നത് ശരിയല്ല. ഒന്നും ചെയ്യാതിരിക്കുമ്പോഴും കളിക്കുമ്പോഴുമൊക്കെ, നമ്മൾ പലതും പഠിച്ചു



▸▸ കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം– ശാസ്താം കോട്ട കായൽ

കൊണ്ടിരിക്കുകയാണ്. കളിയിലായാലും കാര്യത്തിലായാലും പഠിക്കുന്നത് നല്ലതായിരിക്കണം. ബോധപൂർവ്വം വിവേചനബുദ്ധി ഉപയോഗിച്ചാലേ നല്ലത് പഠിക്കാനാകൂ. നല്ല പഠിപ്പുകളേ ജീവിതത്തിന് വെളിച്ചമേകൂ.

കല, സാഹിത്യം, ശാസ്ത്രം, തുടങ്ങിയ വിഷയങ്ങളിൽ സവിശേഷ താൽപര്യമുള്ള കൂട്ടുകാർ ആ വിഷയം പരിശീലിക്കുന്നതും പരീക്ഷിക്കുന്നതും ഒരൊഴിവുകാല വിനോദമാക്കാവുന്നതാണ്. ഏതെങ്കിലും തൊഴിലിൽ വാസനയുള്ളവർക്ക് അതു പഠിക്കാം. വീട്ടുകാര്യങ്ങളിൽ സഹായിക്കുന്നതിലും ഉല്ലാസം കണ്ടെത്താം. വീട് എങ്ങനെ മുമ്പോട്ടു പോകുന്നുവെന്ന് മനസ്സിലാക്കാനും അതിനൊത്ത് സ്വയം പാകപ്പെടാനും അതു സഹായകമാവും.

സ്വന്തം കുടുംബ സാഹചര്യം മനസ്സിലാക്കാത്ത ചില കുട്ടികൾ രക്ഷിതാക്കൾക്ക് താങ്ങാനാവാത്ത കാര്യങ്ങൾ ആഗ്രഹിക്കുകയും ഒടുവിൽ നിരാശകൊണ്ട് രക്ഷിതാക്കളെ കുറ്റപ്പെടുത്തുകയും ചെയ്യാറുണ്ട്. രക്ഷിതാക്കളുടെ തൊഴിലിലും കച്ചവടത്തിലുമൊക്കെ അവരെ സഹായിക്കുന്നതും ഒരു നല്ല വിനോദമായി കാണണം.

കാർഷിക വൃത്തിയിൽ താൽപര്യമുള്ളവർക്ക് ആ രംഗവും പരീക്ഷിച്ചു നോക്കാം. ഇതൊന്നും ആരും നിർബന്ധിച്ചിട്ടാവരുത്. തന്റെ സ്വാതന്ത്ര്യത്തെ ഉൾക്കനമുള്ളതാക്കുന്നു എന്ന നിലയിൽ സ്വയം തെരഞ്ഞെടുത്തു ചെയ്യാവുന്നതാവണം. അപ്പോൾ അതെല്ലാം ക്രിക്കറ്റിനെയും ഫുട്ബോളിനെയും പോലെ, ചിലപ്പോൾ അതിലേറെ രസകരമായിരിക്കും. ഒപ്പം ഏറെ പ്രയോജനകരവും.

ഒഴിവുകാലത്ത് വളരെ രസകരമായും പ്രയോജനകരമായും വിനിയോഗിക്കാവുന്ന വിഷയമാണ് വായന. താൽപര്യമുള്ള വിഷയങ്ങളിൽ മനസ്സിലാകുന്ന ശൈലിയിൽ രചിക്കപ്പെട്ട പുസ്തകങ്ങൾ തേടിപ്പിടിച്ചു വായിക്കുക.

മനസ്സിലാവാത്ത മഹദ് ഗ്രന്ഥങ്ങൾ ഇപ്പോൾ വായിക്കേണ്ടതില്ല. കൊക്കിലൊതുങ്ങുന്നതേ കൊത്താവൂ എന്നുണ്ടല്ലോ. സ്കൂൾ കുട്ടികൾക്കു വേണ്ടി രചിക്കപ്പെട്ട സാഹിത്യ, ശാസ്ത്ര കൃതികൾ ഗ്രന്ഥാലയങ്ങളിൽ ലഭ്യമാണ്. കുട്ടികൾക്കു വേണ്ടിയുള്ള മാഗസിനുകളും ധാരാളമുണ്ട്. വായിച്ച കൃതിയെക്കുറിച്ച്, ഉള്ളടക്കത്തെയും ഭാഷാഭംഗിയെയും കുറിച്ച് കൂട്ടുകാരുമായി ചർച്ച ചെയ്യുന്നതും ഏറെ നന്നായിരിക്കും. അതുവഴി നിങ്ങളുടെയും അവരുടെയും വിജ്ഞാന താൽപര്യവും ആസ്വാദന ശേഷിയും വികസിക്കും. വായനക്കുപകരം വായന മാത്രമേയുള്ളൂ. വായന വെളിച്ചമാണ്. 'വായിച്ചു വളർന്നാൽ വിളയും, വായിക്കാതെ വളർന്നാൽ വളയും' എന്ന് കുഞ്ഞുണ്ണിമാസ്റ്റർ പാടിയത് കൂട്ടുകാർ കേട്ടിരിക്കുമല്ലോ.

അന്ത്യപ്രവാചകൻ മുഹമ്മദ് നബിക്ക് ദൈവം ആദ്യം നൽകിയ ആജ്ഞ 'ഇഖ്റഅ്'- വായിക്കുക എന്നായിരുന്നു. വായനയിലൂടെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് വരിക എന്നതാണാ കൽപ്പനയുടെ താൽപര്യം. ഒഴിവുകാലം പുസ്തകപുഴുക്കളായി കഴിച്ചുകൂട്ടണമെന്നല്ല പറയുന്നത്; ഒഴിവുസമയത്തിന്റെ അർഹിക്കുന്ന പങ്ക് വായനക്ക് നൽകണമെന്നാണ്.



കളിക്കാനും കുളിക്കാനും ഭക്ഷണം കഴിക്കാനും ടി. വി കാണാനും പ്രാർത്ഥനക്കും എല്ലാം സമയം നിശ്ചയിക്കുന്നതുപോലെ കൃത്യമായ സമയം വായനക്കും നീക്കിവെക്കണം. അപ്പോൾ വായന കളിയും കുളിയുംപോലെ രസകരവും അതിലേറെ പ്രയോജനകരവുമായിത്തീരും.

മലർവാടി എല്ലാ കൂട്ടുകാർക്കും ആഹ്ലാദകരമായ അവധിക്കാലം ആശംസിക്കുന്നു.

● പത്രാധിപർ

▸▸ ഇന്ത്യയിലെ സൈബർ സ്റ്റേറ്റ് എന്നറിയപ്പെടുന്നത് – ആന്ധ്രാപ്രദേശ്